Ref: 3529/K-5/KCBC/OL/DS 24.06.2021

# യുവജനദിനം 2021, ജൂലൈ 4, ഞായർ
# കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് 19-ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭ നേതൃത്വത്തോടൊപ്പം നിലകൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തു കൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരളസഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ യുവജന ശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും' എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് 'സഭയും മാധ്യമവിചാരണയും, ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണപങ്കാളിത്തവും, 'ഫ്രത്തേലിതൂത്തി' അനുബന്ധ പഠനങ്ങൾ' എന്നിവയാണ്.

ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാക്കളാകുവാനും, വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും കാവലാളാകാൻ പരിശ്രമിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണപ്രക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളോടെയുള്ള മാധ്യമവിചാരണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭയുടെ ധാർമികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാകണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സർവലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസ പരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

**യുവജനങ്ങൾ കാവൽക്കാർ**

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും, നീതിയുടെയും, പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവരസാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവനിൽ അനുരുക്തരായും യുവജനസമൂഹം ഈ തീർത്ഥടകസഭയുടെ ഉത്തമസാക്ഷികളാകാനാണ് കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ; അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവനതീക്ഷ്ണത, സത്യത്തിൽനിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവനെതിരേയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ അങ്ങനെ എടുത്തുപറ

യാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്ന്യസ്തരുടെയും മുതിർന്ന അല്മായ സഹോദരങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാവുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാവണം എന്നേയുള്ളൂ.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കുറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോകത്തിനു യോജിച്ച രീതിയിലും, ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു. സാർവത്രികസഭയിലും, സഭാപാരമ്പര്യത്തിലും അഭിമാനംകൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്!

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി ജീവിക്കാൻ ജീവന്റേയും ജീവിതങ്ങളുടേയും കാവലാളാവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025